സാമ്യവാക്യം
താഴ്മയ്ക്കും യഹോവാഭക്തി......
ജീവനും ആകുന്നു.
സദൃ. 22:3

(2)

ഒക്ടോബർ 20 ഞായർ

## വായനാഭാഗം

സങ്കീർത്തനം 119: 161–168

The Path of Peace

## സമാധാനത്തിന്റെ വഴി

**നിന്റെ ന്യായപ്രമാണത്തോട്.... സമാധാനം ഉണ്ട്. സങ്കീ. 119:165**

'ശ്രേഷ്ഠഭാഷാ' പദവി ലഭിച്ച മലയാളത്തിന്റെ ഒരു പഴഞ്ചൊല്ലുണ്ട്. "താണനിലത്തെ നീരോടു അവിടെ ദൈവം തുണ ചെയ്യു" യഹോവ ഉന്നതനെങ്കിലും താഴ്മയുള്ളവനെ കടാക്ഷിക്കുന്നവനാണ്. താഴ്മയുള്ളവർക്ക് വീഴ്ചയുണ്ടാകാതെ ദൈവം അവരെ സംരക്ഷിക്കുന്നു. അവരുടെ ഉള്ളിൽ ഉന്നതഭാവം ഉളവാകുകയും ചെയ്യുന്നില്ല.

ദാവീദ് രാജാവ് വലിയ കൊള്ള കണ്ടുകിട്ടിയവനെപ്പോലെയാണ് വചനത്തിൽ ആനന്ദിക്കുന്നത്. അതിനാൽ ഏതു പ്രതികൂല സാഹചര്യത്തിലും അവന് ഹൃദയസന്തോഷവും സമാധാനവും നിലനിർത്തുവാൻ കഴിയുന്നു. ദൈവീകന്യായപ്രമാണം മുഴുവൻ സത്യമാകയാൽ അതിലാശ്രയിക്കുന്നവർ സാത്താന്യകെണികളിൽ വീഴാതെ രക്ഷപ്പെടുന്നു. യേശുവിനോടുകൂടെ നടന്നു എങ്കിലും ഗുരുവിനെ സ്നേഹിക്കുവാനോ, ഗുരുമുഖത്തുനിന്നും എന്തെങ്കിലും സ്വീകരിക്കുവാനോ കഴിയാത്തതിനാൽ യൂദയുടെ ജീവിതം സാത്താന്യ കെണിയിലകപ്പെട്ട് തകർന്നു.

ന്യായപ്രമാണം പ്രമാണിക്കുന്നവർക്ക് സമാധാനം ഉണ്ടെന്നല്ല നിന്റെ ന്യായപ്രമാണത്തോട് പ്രിയമുള്ളവർക്ക് മഹാസമാധാനം ഉണ്ടെന്നാണ് സങ്കീർത്തനക്കാരൻ പറയുന്നത്. പ്രതിസന്ധികൾ തരണം ചെയ്യേണ്ടി വന്നാലും ഇവർ പതറുന്നില്ല. അവർക്ക് വീഴ്ചയ്ക്ക് സംഗതി ഏതുമില്ല. മൂന്നുവിധ സമാധാനമാണ് വിശുദ്ധന്മാർക്കുള്ളത്. (1) ദൈവത്തോട് സമാധാനം. (റോമ. 5: 1). (2). ഹൃദയങ്ങളിൽ സമാധാനം (കൊലോ. 3:15). (3) എല്ലാവരോടും സമാധാനം (എബ്രാ. 12:14). ബാഹ്യമായ കണ്ണുകൾകൊണ്ട് കാണുന്നതോ, കേൾക്കുന്നതോ ആയവയൊന്നും വിശുദ്ധന്മാരുടെ സമാധാനം ഇല്ലാതാക്കുന്നില്ല. ഒരു കൊടുങ്കാറ്റിനും അവരെ വീഴ്ത്തുവാൻ കഴിയുകയില്ല. കാരണം ഈ സമയവും ദൈവത്തോടുള്ള കൂട്ടായ്മ ബന്ധം സുദൃഢമായി അവർ സൂക്ഷിക്കുന്നു. ഈ പ്രമാണം അനുസരിച്ച് നടക്കുന്ന ഏവർക്കും സമാധാനം ഉണ്ടാകട്ടെ എന്നാണ്. പൗലോസപ്പോസ്തലനും പറയുന്നത് ദൈവത്തിന്റെ സാക്ഷ്യങ്ങൾ ദാവീദ് ഹൃദയത്തിൽ സൂക്ഷിച്ചത് ഒരു കടമ നിറവേറ്റുന്നതു പോലയല്ല പിന്നെയോ അത്യന്തം പ്രിയം വെച്ചായിരുന്നു.

പ്രിയമുള്ളവരെ, നമുക്കും തിരുവചനത്തെ ബുദ്ധിയിൽ മാത്രം ഒതുക്കാതെ ഹൃദയത്തിന്റെ ആഴത്തിൽ ആലേഖനം ചെയ്യാം. അതു നമുക്ക് രക്ഷയും സമാധാനവും പ്രദാനം ചെയ്യുന്നു.

**വെളിച്ചത്തിൽ നടക്കുന്നവന്റെ കാൽ വഴുതുകയില്ല**